സെന്റ് സ്റ്റീഫൻസ് എൽ.പി.എസ്

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

# ആമുഖം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ ഭരണിക്കാവ് പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് എൽ. പി. സ്കൂളാണ് സെന്റ് സ്റ്റീഫൻസ് എൽ. പി. സ്കൂൾ.

# സ്കൂൾ ചരിത്രം

കറ്റാനം വലിയ പള്ളിയിലെ (സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്) വിശ്വാസികളായ കറ്റാനം തുരുത്തിയിൽ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ദൂരസ്ഥലങ്ങളിൽ പോയി പ്രാഥമിക വിദ്യാഭ്യാസം നേടാൻ സാധിക്കാത്തതിനാൽ സഭാവിശ്വാസികളായ പെൺകുട്ടികൾക്കായി ഒരു പ്രാഥമിക വിദ്യാലയം തുടങ്ങാൻ ഒരുങ്ങി. എന്നാൽ ഇലഞ്ഞിക്കൽ ഇട്ടിച്ചെറിയ ജേക്കബ് എന്ന ദീർഘദർശിയായ മനുഷ്യസ്നേഹി ഈ പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പഠനത്തിനായി ഒരു പ്രാഥമിക വിദ്യാലയം സ്വന്തം സ്ഥലത്ത് ആരംഭിക്കുകയാണ് ചെയ്തത്. തന്റെ ഭാര്യാമാതാവിനോട് വളരെയേറെ സ്നേഹാദരങ്ങൾ ഉണ്ടായിരുന്ന ഇദ്ദേഹം സ്കൂളിന് മദർ സാറാമ്മ മെമ്മോറിയൽ ഗേൾസ് സ്കൂൾ എന്ന് നാമകരണം ചെയ്യുകയായിരുന്നു.

ലഭ്യമായ വിവരങ്ങൾ പ്രകാരം 1916-ൽ സ്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ 5-ാം തരം വരെയുണ്ടായിരുന്നത്. പിൽക്കാലത്ത് 4-ാം ക്ലാസ് വരെയായി. പ്രഗത്ഭരായ പല അദ്ധ്യാപകരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ദിരണിക്കാവ് പഞ്ചായത്തിലെ 9, 10, 11 വാർഡുകളിലെ കുട്ടികളാണ് ഈ സ്കൂളിനെ ആശ്രയിക്കുന്നത്. സ്കൂളിന്റെ 2 കി.മീ. ചുറ്റളവിലുള്ള അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്കൂളിന്റെ നിലനിൽപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ സ്കൂൾ 2009 മുതൽ കറ്റാനം വലിയ പള്ളിയുടെ ഉടമസ്ഥതയിലാണ് പ്രവർത്തിച്ചുവരുന്നത്. 2018 മുതൽ പ്രീ-പ്രൈമറി പ്രവർത്തിച്ചുവരുന്നു. 2017 ഫെബ്രുവരി മാസത്തിൽ ഈ സ്കൂളിന്റെ ശതാബ്ദി ആഘോഷിച്ചു.

## ലക്ഷ്യം

- എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികളും അറിവുകളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും കുട്ടി നേടിയെന്ന് രക്ഷിതാക്കളെ അറിയിക്കുക.
- കുട്ടികളുടെ അക്കാദമികവും സർഗാപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ തയാറാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ വായിക്കാനും എഴുതാനും പറയാനുമുള്ള കഴിവ് ഉറപ്പാക്കുക.
- ചതുഷ്ക്രിയകൾ ഉറപ്പാക്കുകയും നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കുന്നതിനുള്ള കഴിവ് ഉറപ്പുവരുത്തുകയും ചെയ്യുക.
- പ്രകൃതി നിരീക്ഷണം, പരീക്ഷണം, പ്രോജക്ട്, സർവേ എന്നിവയിലൂടെ പ്രകൃതിയെ അറിയുകയും പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുക.
- പ്ലാസ്റ്റിക് വിമുക്ത, ലഹരി മുക്ത, കീടനാശിനി വിമുക്ത ക്യാമ്പസ് രൂപപ്പെടുത്തുക.

- മാലിന്യ നിർമാർജ്ജനത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ, നിയമങ്ങൾ അനുസരിക്കൽ എന്നിവ തന്റെ കടമയാണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുകയും ചെയ്യുക.
- കാർഷിക സംസ്കാരമുള്ള പുതിയ തലമുറയെ വളർത്തിയെടുക്കുക.
- കലാകായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.
- എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുക.
- സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- എല്ലാ ക്ലാസിലും I.C.T പഠനം ഉറപ്പുവരുത്തുക.

# സ്കൂൾ വികസനത്തിന്റെ കാഴ്ചപ്പാട്.

→ രക്ഷകർത്താക്കളുമായുള്ള നിരന്തര ഇടപെടലിലൂടെ കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുകയും പഠനപിന്നോക്കാവസ്ഥ പരിഹരിക്കുകയും ചെയ്യണം.

→ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കും.

→ സമൂഹവുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

→ കുട്ടികളുടെ സർഗവികസനം ലക്ഷ്യമാക്കി കലാകായിക പ്രവൃത്തിപരിചയത്തിന് ഊന്നൽ നൽകും.

→ നാലാം ക്ലാസ് കഴിയുന്നതോടെ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകൾ സംസാരിക്കാനും, എഴുതാനും, വായിക്കാനും കഴിവുള്ളവർക്കും ആക്കും.

→ വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്ത

→ പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതിപഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.

→ മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായ മനോഭാവം പുതുതലമുറയിൽ ഉണ്ടാക്കും.

→ കുട്ടികളിൽ കാർഷികസംസ്കാരം വളർത്തുന്നതിനായി സ്കൂൾപച്ചക്കറിത്തോട്ടം ഉണ്ടാക്കും.

നിലവിലെ <u>അവസ്ഥാ</u> വിശകലനം.

| Std | Boys | Girls | Total. |
|---|---|---|---|
| Pre - Primary | 11 (6) | 5 (4) | 16 (10 |
| I | 9 (7) | 5 (3) | 14 (10) |
| II | 7 (6) | 7 (5) | 14 (11) |
| III | 6 (6) | 6 (7) | 12 (13) |
| IV | 10 (6) | 14 (6) | 24 (12) |
| | | | 80 (56) |

ആഴ്ചയിൽ ഒരിക്കൽ SRG യോഗം കൂടുകയും പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. പിന്നീട് അടുത്ത ആഴ്ചത്തേക്കുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും ചർച്ചയും നടത്തുന്നു.

സ്കൂളിലെ അക്കാദമിക പ്രവർത്തനത്തിനാവശ്യമായ പിന്തുണ നൽകാനും ദിനാചരണ പ്രവർത്തനത്തിനായുള്ള പിന്തുണയ്ക്കും SSG അംഗങ്ങൾ സഹകരിക്കുന്നു.

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂളിനെ സഹായിക്കുന്നതിനും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സഹകരണം

ഏർപ്പാടാക്കുന്നു.

ആഘോഷവേളകളിൽ സദ്യ ഒരുക്കുന്നതിനും വിതരണം ചെയ്യുന്നതിനും വിവിധ സ്ഥലങ്ങളിൽ കുട്ടികളെ എത്തിക്കുന്നതിനും പഠനയാത്രകളിലും എം. പി. ടി. എ യുടെ സേവനം കിട്ടുന്നുണ്ട്.

ജാഗ്രത സമിതി കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നു.

പ്രീപ്രൈമറി അധ്യാപകരടക്കം ആറ് പേരുണ്ട്. പ്രീപ്രൈമറിയിലെ കുട്ടികളുടെ ചുമതലകൾ എല്ലാം-തന്നെ ആ അധ്യാപികമാർ നോക്കുന്നുണ്ട്. ഒന്നു മുതൽ നാല് വരെ ക്ലാസിലുള്ള അധ്യാപികമാർ ഉച്ചഭക്ഷണം, ശുചിത്വം, അച്ചടക്കം, കലാപ്രവർത്തനം, കായികപ്രവർത്തനം, യോഗ, പ്രവൃത്തിപരിശീലനം, ക്ലബ് പ്രവർത്തനങ്ങൾ എന്ന രീതിയിൽ ചുമതലകൾ വഹിക്കുന്നു.

സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കാ-നായി ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരിക്കുന്നു. പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് നൽകുന്നു. എല്ലാ കുട്ടികൾക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ ഉച്ചഭ-ക്ഷണത്തിന്റെ ചുമതലയുള്ള അധ്യാപിക സദാനേരവും ജാഗരൂകയാണ്. കുട്ടികളുടെ സർവ്വതോമുഖമായ കഴിവുകളെ

പരിപോഷിപ്പിക്കാനും അവരെ സമൂഹത്തിന് പ്രയോജനപ്രദമായി വാർത്തെടുക്കുവാനും നിരന്തരം പരിശ്രമിക്കുന്ന അധ്യാപക കൂട്ടായ്മ ഈ സ്കൂളിന്റെ വളർച്ചയെ സഹായിക്കുന്നു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളുടെ ബാഹുല്യം നിമിത്തം സമയബന്ധിതമായി പഠനപ്രവർത്തനങ്ങൾ തീർക്കാൻ കഴിയാത്തത്, കൃത്യസമയത്തിനകം പാഠഭാഗങ്ങൾ തീർക്കേണ്ടതിനാൽ ആശയങ്ങൾ ഉറയ്ക്കാതെ അടുത്തതിലേക്ക് പോകാൻ നിർബന്ധിതരാകുന്നത്, പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടാൻ കഴിയാത്തത് കുട്ടികൾ നിരന്തരം ക്ലാസിൽ ഹാജർ ആകാത്തത്, വീട്ടിലെ പഠനാന്തരീക്ഷം ശരിയാകാത്തത്, എന്നിവയെല്ലാം വെല്ലുവിളികളായി തുടരുന്നു.

## അക്കാദമിക പ്രവർത്തനങ്ങളുടെ തരം തിരിക്കൽ.

| | | | |
|---|---|---|---|
| 1. | ഹ്രസ്വകാല പ്രവർത്തനം | ഭാഷ, ഗണിതം, EVS, ഇംഗ്ലീഷ് ഇവയുടെ ശേഷികൾ ഉറപ്പാക്കൽ | 7 മാസം |
| 2. | മധ്യമകാല പ്രവർത്തനം | പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് ലഹരി വിമുക്ത ക്യാമ്പസ് ശുചിത്വ ക്യാമ്പസ് ആരോഗ്യ ക്യാമ്പസ്. | – 1 വർഷം |
| 3. | ദീർഘകാല പ്രവർത്തനം | ഒന്നാം ക്ലാസ് ഒന്നാം തരം എല്ലാ ക്ലാസിലും ICT സാധ്യത സ്കൂൾ ലൈബ്രറി ശാക്തീകരണം. | – 3 വർഷം |

ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുള്ളവരുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരമുറപ്പിക്കൽ പദ/വാക്യ കാർഡ് പദ/വാക്യനിർമ്മാണം ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചിത്രവായന ICT സാധ്യത ഉപയോഗിക്കൽ | 6 മാസം | അക്ഷരകാർഡ് വാക്യകാർഡ് കഥാചിത്രങ്ങൾ സി.ഡി. ചിഹ്ന ചാർട്ട് പുസ്തകങ്ങൾ വായനാകാർഡ്. | SRG BRC PTA |
| കുട്ടിയെ മികച്ച വായനക്കാരനാക്കൽ | വായനമൂല ക്ലാസ് വായന പത്രവായന വായനക്കുറിപ്പ് പതിപ്പ് വായനോത്സവം വായനാക്കൂട്ട രൂപീകരണം. | 6 മാസം | ലൈബ്രറി പത്രം ഗ്രന്ഥശാല ആനുകാലിക പ്രസിദ്ധീകരണങ്ങൾ | SRG BRC PTA |
| അധികവായനക്കാരനാക്കാൻ | ലൈബ്രറിവായന ക്ലാസ് ലൈബ്രറി ആനുകാലിക പ്രസിദ്ധീകരണ വായന | 1 വർഷം. | ലൈബ്രറി പത്രം. ബാലമാസിക ആനുകാലികം. | PTA SRG. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | |
|---|---|---|---|---|
| മികച്ച എഴുത്തുകാരനാക്കാൻ | വായനാപതിപ്പ്<br>ആസ്വാദനകുറിപ്പ്<br>വ്യക്തിഗതരചന<br>മാഗസിൻ<br>പത്രനിർമ്മാണം.<br>കത്ത് തയ്യാറാക്കൽ<br>നിഘണ്ടു നിർമ്മാണം | 6 മാസം | ആനുകാലികം<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>പാഠപുസ്തകം<br>പത്രം.<br>റേഡിയോ | SRG<br>BRC<br>PTA. |
| സർഗാത്മക ശേഷി വർധിപ്പിക്കൽ | കഥ കേൾക്കൽ<br>കഥാരചന<br>കവിതാരചന<br>ചിത്രകഥ പറയൽ<br>വായനമൂല.<br>നാടകം.<br>വാർഷികം. | 4 മാസം | ലൈബ്രറി<br>പത്രം.<br>ICT | SRG<br>SSG. |
| അനുയോജ്യമായ ഭാഷ ഉച്ചാരണശുദ്ധി എന്നിവയോടെ ഭാഷണത്തിനുള്ള കഴിവ് നേടൽ. | സ്കൂൾ അസംബ്ലി | 3 മാസം. | ICT<br>ലൈബ്രറി | SRG. |
| ഗണിതം. | | | | |
| സംഖ്യാബോധം. ഉറപ്പിക്കൽ. | സംഖ്യകളുടെ വായന<br>എഴുത്ത്.<br>പിരിച്ചെഴുത്ത്.<br>സംഖ്യാനിർമ്മാണം.<br>സംഖ്യാവ്യാഖ്യാനം. | 6 മാസം. | സംഖ്യാകാർഡ്.<br>അബാക്കസ്<br>സ്ഥാനവില പോക്കറ്റ്<br>മുത്തുകൾ<br>കമ്പുകെട്ട്<br>[illegible] | SRG<br>Teacher<br>PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം. | പിന്തുണ |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | സങ്കലനപ്രവർത്തനം<br>വ്യവകലനപ്രവർത്തനം<br>ഗുണന, ഹരണ പ്രവർത്തനങ്ങൾ<br>പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | 6 മാസം. | കമ്പുകെട്ട്.<br>മുത്ത്.<br>ഗുണനപട്ടിക ചാർട്ട്. | SSG.<br>SRG. |
| അളവ്, സമയം എന്നിവ തിരിച്ചറിയൽ | നീളം, വീതി, ഉള്ളളവ്, ഭാരം, നീളം അളക്കൽ<br>വിവിധ വലിപ്പമുള്ള പാത്രത്തിലെ വെള്ളം അളക്കൽ<br>ബോക്സ്, ബാഗ്, കിറ്റികളുടെ ഭാരം അറിയൽ. | 2 മാസം | സ്കെയിൽ<br>ടേപ്പ്<br>അളവുപാത്രം<br>ത്രാസ്. | SRG<br>SSG<br>PTA. |
| | സെക്കന്റ്, മിനിട്ട്, മണിക്കൂർ ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയൽ.<br>പ്രായോഗികപ്രശ്ന പരിഹാരം. | 2 മാസം | ICT<br>ക്ലോക്ക്<br>വാച്ച്. | Teacher<br>SRG. |
| ഭിന്നശേഷിക്കാരായവർക്കുള്ള ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സംഖ്യാകാർഡ്<br>സംഖ്യാനിർമ്മാണം<br>സംഖ്യാവായന<br>സംഖ്യാറിബൺ നിർമ്മാണം. | 3 മാസം. | അബാക്കസ്<br>മുത്ത്<br>കല്ല്<br>സ്ട്രോ | BRC<br>IED<br>Teachers. |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | പ്രകൃതിനിരീക്ഷണം പരീക്ഷണം പ്രോജക്ട് സർവ്വേ. പ്രകൃതിയെ അറിയൽ. അഭിമുഖം. പോസ്റ്റർ, നോട്ടീസ് പ്ലക്കാർഡ്. | 1 വർഷം. | പ്രകൃതിനിരീക്ഷണം ചോദ്യാവലി പഠനയാത്ര. | SRG. PTA. SSG. |
| ശാസ്ത്രബോധം വളർത്തൽ | നിരീക്ഷണം പരീക്ഷണം. പട്ടികപ്പെടുത്തൽ ചെറു പ്രോജക്ട് | 1 വർഷം | പരീക്ഷണശാല അനുബന്ധ ഉപകരണങ്ങൾ | BRC SSG SRG. |
| കാർഷികസംസ്കാരത്തെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കൽ | സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം കൃഷിയിടങ്ങൾ സന്ദർശിക്കൽ ഫീൽഡ് ട്രിപ്പ് | 1 വർഷം | ICT | PTA SRG ക്ലബ്ബുകൾ. |
| മാലിന്യമുക്ത, ലഹരിവിമുക്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം വളർത്തൽ | ഫീൽഡ് ട്രിപ്പ് സർവ്വേ ചെറു പ്രോജക്ട് | 2 വർഷം | ICT ചാർട്ട് | PTA SSG. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കൽ നിയമങ്ങൾ പാലിക്കൽ ഇവ നന്റെ കടമയാണെന്ന് തിരിച്ചറിയുന്നു | പൊതുസ്ഥാപനങ്ങളിലേക്കുള്ള സന്ദർശനം പട്ടികപ്പെടുത്തൽ ബോധവൽക്കരണ ക്ലാസുകൾ പഠനയാത്രകൾ ഡയറി എഴുത്ത് | 3 മാസം | പത്രം പോസ്റ്റർ ലഘുലേഖകൾ | PTA SSG SRG. |
| **ഇംഗ്ലീഷ്** | | | | |
| എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കൽ | വായനാകാർഡ്, വായനചിത്രകാർഡ് വായനപദകാർഡ് വായനവാക്യകാർഡ് വായന, കഥാപുസ്തകവായന, കാർട്ടൂൺകഥകൾ വായന, പത്രവായന. ഇംഗ്ലീഷ് അസംബ്ലി | 1 വർഷം | ICT ബാലമാസിക പത്രം ലൈബ്രറി പുസ്തകം | BRC PTA. |
| എല്ലാവരെയും മികച്ച എഴുത്തുകാരാക്കൽ. | പദനിർമ്മാണം, വാക്യനിർമ്മാണം, പതിപ്പ് തയ്യാറാക്കൽ, മാഗസിൻ തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം കുറിപ്പ്, കവിതാ പൂരണം, സംഭാഷണ-ങ്ങളെഴുതൽ, നിർദ്ദേശങ്ങൾ | 1 വർഷം | പത്രം. ബാലമാസിക | SRG SSG |

| | | | | |
|---|---|---|---|---|
| എല്ലാവർക്കും ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കൽ | അനൗൺസ്മെന്റ് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>കഥ കേൾക്കൽ,<br>വായന, റോൾപ്ലേ,<br>നാടകം, ഇംഗ്ലീഷ് ഫെസ്റ്റ്, ബാലസഭ,<br>വാർഷികം. | 3 വർഷം | ICT,<br>കാർട്ടൂൺ.<br>കഥാപുസ്തകങ്ങൾ<br>ലൈബ്രറി പുസ്തകങ്ങൾ | SRG<br>SSG<br>BRC<br>PTA |

## അവലോകനം

വിദ്യാലയ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുകയും വേണ്ടിവന്നാൽ ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും യഥാസമയം നടത്തേണ്ടി വരികയും വേണം. ഇതിനായി അധ്യാപകർ, പി.ടി.എ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ ഘട്ടത്തിലും നടക്കുന്ന മോണിറ്ററിംഗിലൂടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരാനും പരിമിതികളെ അതിജീവിക്കാനും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സഹായകരമാകും.